KSEB
ഊർജ്ജ കേരള മിഷൻ

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
**( കമ്പനീസ് ആക്ട് 1956 പ്രകാരം രൂപീകൃതമായത്)**
**രജി.ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004, കേരളം,**
**ഫോൺ0471-2448720, 2514341,**
**വെബ്സൈറ്റ്: www.kseb.in.**
**E-mail: dgkseb@kseb.inCIN: U40100KL2011SGC027424**

## സംഗ്രഹം

കെ.എസ്.ഇ.ബി. ഓഫീസുകളുടെ ശുചിത്വ സൗകര്യം ഒരുക്കുന്നത് - സംബന്ധിച്ച്.

---

ബി.ഒ (എഫ്.റ്റി.ഡി.) നം. 627 /2021/(DGC/AEEVII/Misc/2021) dated 17 .08.2021.

---

പരാമർശം: ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സി.എം.ഡി/106/Neatness in KSEB Offices/2021 തീയതി 9.8.2021 പ്രകാരം മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ് (അജണ്ട നം. 68/8/21).

## ഉത്തരവ്

കെ.എസ്.ഇ.ബി.എൽ. തൊഴിലാളികളുടേയും/ഫീൽഡ് ഓഫീസ് ജീവനക്കാരുടേയും ആവശ്യമായ ശുചിമുറി സൗകര്യം സെക്ഷൻ തല സേവന ഓഫീസുകളിൽ ലഭ്യമാക്കണമെന്നത് സംബന്ധിച്ച മേൽ പരാമർശം കുറിപ്പ്, മുഴുവൻ സമയ ഡയറക്ടർമാരുടെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെടുകയും 12.08.2021 ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം വിഷയം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനം എടുക്കുകയും ചെയ്തു.

(1) ശൗചാലയ സൗകര്യം ലഭ്യമല്ലാത്ത (സ്ത്രീ-പുരുഷ വേർതിരിവിൽ ചുരുങ്ങിയത് രണ്ട്ശുചി മുറികളെങ്കിലും ) ഓഫീസുകളുടെ കണക്ക് സർക്കിൾ തലത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ ഒരാഴ്ചക്കുള്ളിൽ ശേഖരിക്കേണ്ടതാണ്.

(2) ശൗചാലയം ലഭ്യമല്ലാത്ത ഓഫീസുകളിൽ ശുചിമുറി ഒന്നിന് 1 ലക്ഷം രൂപ മാത്രം വരെ ചെലവിൽ പ്രസ്തുത സൗകര്യം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ ഇതിനാൽ ചുമതലപ്പെടുത്തുന്നു.

(3) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ഉടമയുടെ അനുമതിയോടെ കുറഞ്ഞ ചെലവിൽ താൽക്കാലിക സൗകര്യം ഒരുക്കുകയോ/തടസങ്ങളുണ്ടെങ്കിൽ ശുചിത്വ മിഷൻ സഹായത്തോടെ പ്രീഫാബ് കംപോസ്റ്റ് ടോയിലറ്റുകൾ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

(4) ഡിസംബർ 31, 2021-നു ശേഷം ശുചിമുറി ഇല്ലാത്ത വാടക കെട്ടിടം ഉൾപ്പെടെ ഒരു കെ.എസ്.ഇ.ബി.എൽ. ഓഫീസും ഉണ്ടാകരുത്. ശൗചാലയ സൗകര്യം ഒരുക്കുന്നതിനുള്ള വീഴ്ച അതാത് ഓഫീസ് മേധാവികളുടെ വ്യക്തിത്വ വീഴ്ചയായി കണക്കാക്കുന്നതാണ്.

(5) സംസ്ഥാന വ്യാപകമായി 'ക്ലീൻ കെ.എസ്.ഇ.ബി. ചലഞ്ച്' എന്ന പേരിൽ ഒരു ശുചിത്വയജ്ഞം ഏറ്റെടുക്കുവാനും ഏറ്റവും ശുചിത്വമുള്ള 5 ഓഫീസുകൾക്ക് അടിസ്ഥാനസൗകര്യ വികസനത്തിനായി 2 ലക്ഷം രൂപ വീതം കൂടുതലായി വാർഷിക അടിസ്ഥാനത്തിൽ നൽകുവാനും ഉത്തരവാകുന്നു. മൊത്തം ശുചിത്വം, ഓഫീസ് ക്രമീകരണം, ഫയലുകൾ, സ്ക്രാപ്പുകളുടെ ഒഴിവാക്കൽ തുടങ്ങിയവ മാനദണ്ഡമായി കണക്കാക്കി സ്കോറിംഗ് അടിസ്ഥാനത്തിൽ ആയിരിക്കും വിജയികളെ നിശ്ചയിക്കുക. സർക്കിൾ തലത്തിലെ ഓഫീസുകളിൽ മുഴുവൻ സമയ ഡയറക്ടർമാർ നിയോഗിക്കുന്ന ടീം പരിശോധിച്ച് സ്കോർ നിശ്ചയിക്കുന്നതാണ്.

(6) 'ക്ലീൻ കെ.എസ്.ഇ.ബി. ചലഞ്ച്' ശുചിത്വ യജ്ഞം പദ്ധതി ചിങ്ങം 1 ന് ആരംഭിക്കണം. 2021 ഡിസംബർ 31 നകം എല്ലാ ഓഫീസുകളും ഈ ലക്ഷ്യം കൈവരിക്കണം.

(7) പദ്ധതിയുടെ ഏകോപനം ബോർഡ് തലത്തിൽ ഡയറക്ടർ (ജനറേഷൻ-സിവിൽ) ന് ആയിരിക്കും. കെ.എസ്.ഇ.ബി.എൽ. മാനേജ്മെന്റ് എല്ലാ ജീവനക്കാരുടേയും സഹകരണം ഇക്കാര്യത്തിൽ അഭ്യർത്ഥിക്കുന്നു.

ഇത് സംബന്ധിച്ച് ഒരു സർക്കുലർ പുറപ്പെടുവിക്കാനും അനുമതി നൽകി.

ഫുൾ ടൈം ഡയറക്ടർമാരുടെ ഉത്തരവിൻ പ്രകാരം

ഒപ്പ്

ലേഖ.ജി.

കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്

സ്വീകർത്താവ്:

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ഓഡിറ്റർ/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
ടി.എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
ടി.എ. ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി. & എച്ച്.ആർ. എം.)
ടി.എ.ടു ഡയറക്ടർ ജനറേഷൻ (സിവിൽ)
ടി.എ. ടു ഡയറക്ടർ (ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം.
ടി.എ.ടു ഡയറക്ടർ (ട്രാൻസ്മിഷന്, എസ്.ഒ)
ടി.എ. ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ/കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
ചീഫ് എഞ്ചിനീയർ (ഐ.ടി.)
ചീഫ് പെഴ്സണൽ ഓഫീസർ/ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ
ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ ഡിവിഷൻ)
പി.എ. ടു ഡയറക്ടർ (ഫിനാൻസ്)
എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
സി.എ. ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർകോപ്പി സൂപ്രണ്ട്/റിക്കോർഡ് സെക്ഷൻ/ലൈബ്രറി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ